# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3222</u> <u>14.07.2015 ൽ മറുപടിക്ക്</u>

### <u>ട്രെയിനുകളുടെ സമയ പുനക്രമീകരണം</u>

| ശ്രീ. ജോസ് തെറ്റയിൽ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
|---|---|---|---|
| ചോദ്യം | | നൽകിയ മറുപടി | അന്തിമ മറുപടി |
| (എ) | ആലപ്പുഴ, എറണാകുളം, തൃശൂർ ഭാഗങ്ങളിൽ നിന്ന് രാവിലെയും വൈകിട്ടും പോവുന്നതിനും തിരികെ വരുന്നതിനുമുള്ള ജനങ്ങളുടെ യാത്രാക്ലേശവും ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് ഈ സമയങ്ങളിൽ ഓടുന്ന ധൻബാദ്, ഏറനാട് പാസഞ്ചർ ട്രെയിനുകളുടെ സമയങ്ങൾ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പുനക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ | വിവരം ശേഖരിച്ചു നൽകുന്നതാണ്. | ദീർഘദൂര ട്രെയിനുകളായ ധൻബാദ്, ഏറനാട് ട്രെയിനുകൾ ആലപ്പുഴയ്ക്കും തൃശ്ശൂരിനും ഇടയ്ക്കുള്ള ഒരു വിഭാഗം ഹ്രസ്വദൂര യാത്രക്കാർക്കുവേണ്ടി പുനക്രമീകരിക്കുന്നത് മറ്റ് എക്സ്പ്രസ് ട്രെയിനുകളുടെ സമയക്രമത്തെ ബാധിക്കും. ഹ്രസ്വദൂര യാത്രക്കാർക്കുവേണ്ടി പാസഞ്ചർ ട്രെയിനുകൾ ഓടുന്നുണ്ട്. ദീർഘദൂര ട്രെയിനുകൾക്ക് അധിക സ്റ്റോപ്പുകൾ അനുവദിക്കുന്നത് പിന്നാലെയുള്ള മറ്റു ട്രെയിനുകളെ ബാധിക്കും. എക്സ്പ്രസ് ട്രെയിനുകൾ പരമാവധി വേഗതയിലും കുറഞ്ഞ എണ്ണം സ്റ്റോപ്പുകളോടെയും സർവ്വീസ് നടത്തുന്നതാണ് സംസ്ഥാനത്തിന്റെ താല്പര്യത്തിന് നല്ലത് എന്നാണ് റെയിൽവേ അറിയിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | വൈകുന്നേര സമയത്തെ യാത്രാക്ലേശം കണക്കിലെടുത്ത് ആലപ്പുഴയിൽ യാത്ര അവസാനിക്കുന്ന ധൻബാദ് എക്സ്പ്രസിനും ആലപ്പുഴ വഴി കടന്നുപോകുന്ന ഏറനാട് എക്സ്പ്രസിനും തൃശൂരിനു ശേഷമുള്ള അങ്കമാലി ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ സ്റ്റോപ്പ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | | ധൻബാദ് എക്സ്പ്രസിനും, ഏറനാട് എക്സ്പ്രസിനും പുതിയ സ്റ്റോപ്പ് അനുവദിക്കാൻ പദ്ധതിയില്ലെന്നും ഏറനാട് എക്സ്പ്രസ്സിന് തൃശ്ശൂരിനും ആലുവയ്ക്കും ഇടയിൽ ചാലക്കുടിയിൽ സ്റ്റോപ്പുണ്ടെന്നും ട്രെയിനുകൾക്ക് അധികമായി സ്റ്റോപ്പുകൾ അനുവദിക്കുന്നത് പിന്നാലെയുള്ള ഒരുകൂട്ടം സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ്സ് ട്രെയിനുകളെ ബാധിക്കുമെന്നതിനാൽ പുതുതായി അധിക സ്റ്റോപ്പുകൾ അനുവദിക്കാൻ നിർവ്വാഹമില്ലെന്നുമാണ് റെയിൽവേ അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ